Draft #15 of File 7803/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 13-Mar-2020 09:56 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

RUSA PHASE I - 24.02.2020, 02:30 PM ന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന റൂസ അവലോകന സമിതി യോഗത്തിന്റെ നടപടി കുറിപ്പ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 3**

നമ്പർ. 1533/P&D 3/2020/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 13.03.2020

---

*പരാമർശം:*-7803/P&D 3/1/2019/P&D 3 തീയതി 09.03.2020, റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച നടപടി കുറിപ്പ്.

**ഉത്തരവ്**

റൂസാ പദ്ധതികളുടെ അവലോകന സമിതി യോഗം 24.02.2020, 02:30 PMന് വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു .

- റൂസ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി സർവ്വകലാശാലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. മാർച്ച് 11 തീയതിയിൽ റൂസ സംസ്ഥാന ഡയറക്ടറേറ്റ് നടത്തുന്ന റിവ്യൂ മീറ്റിംഗിന് മുൻപായി ഒന്നാം ഘട്ടത്തിൽ ലഭിച്ച തുകയുടെ പരമാവധി വിനിയോഗം നടത്തേണ്ടതാണെന്ന യോഗം വിലയിരുത്തി. ഒന്നാം ഘട്ടത്തിൽ നിലവിൽ പൂർത്തിയാകുവാനുള്ള പദ്ധതിയായ സ്റ്റുഡന്റ് അമിനിറ്റീസ് ആൻഡ് ഇൻക്യുബേഷൻ സെന്റർ കെട്ടിട നിർമ്മാണത്തിന്റെ കരാറുകാരായ ഏജൻസി ബില്ലുകൾ നൽകുന്ന മുറക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യുന്നതിന് ശുപാർശ ചെയ്തു.
- റൂസ ഒന്നാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിലാണ് ഫണ്ട് അനുവദിക്കേണ്ടിയിരുന്നത് എന്നും എന്നാൽ സംസ്ഥാന സർക്കാരിൽ നിന്നും അനുവദിക്കേണ്ടിയിരുന്ന വിഹിതം പൂർണമായി അനുവദിച്ചിട്ടില്ല എന്നും റൂസ കോർഡിനേറ്റർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത തുക അനുവദിച്ചു ലഭിക്കുന്നതിനായി സംസ്ഥാന സർക്കാരിലേക്ക് കത്ത് നൽകാവുന്നതാണ് എന്ന് യോഗം ശുപാർശ ചെയ്തു.
- റൂസ ഒന്നാം ഘട്ടത്തിൽ അനുവദിക്കപ്പെട്ട ആകെ തുകയ്ക്ക് ആർജ്ജിതമായ പലിശ, റൂസ അംഗീകരിച്ച ഘടകങ്ങളിന്മേൽ വിനിയോഗിക്കാവുന്നതാണ് എന്ന് 2019ആഗസ്റ്റ് 8 ലെ ഡോ. വിവേക് നാഗ്പാൽ, റൂസ സീനിയർ കൺസൾട്ടന്റിന്റെ ഇമെയിൽ ഉദ്ധരിച്ചുകൊണ്ട് റൂസ കോർഡിനേറ്റർ യോഗത്തിൽ റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു. പലിശയിനത്തിൽ ആർജ്ജിതമായ തുക ഉപയോഗിച്ച് സ്റ്റുഡന്റ് അമിനിറ്റിസ് സെന്ററിന്റെ ഫർണിഷിങ് നടപ്പാക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തിരമായി സമർപ്പിക്കുന്നതിന് റൂസ കോർഡിനേറ്റർക്ക് നിർദേശം നൽകുന്നതിന് ശുപാർശ ചെയ്തു .
- റൂസ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി Entrepreneurship Employability and Career Hub സ്ഥാപിക്കുന്നതിന്റെ ഭാഗമായി എം ജി ഇന്നവേഷൻ ഫൗണ്ടേഷൻ എന്ന പേരിൽ കമ്പനി രൂപീകരിച്ച് അതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതായി റൂസ കോർഡിനേറ്റർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു. ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ രജിസ്ട്രാർ സെക്ഷൻ, എഫ് ഓ സെക്ഷൻ എന്നിവർക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് യോഗം ശുപാർശ ചെയ്തു.
- റൂസാ രണ്ടാം ഘട്ടത്തിന്റെ വിശദാംശങ്ങളും നടപടിക്രമങ്ങളും കമ്പനി രൂപീകരണവും ഉൾപ്പെടുത്തി ഒരു രേഖ തയാറാക്കി സമർപ്പിക്കുവാൻ റൂസ കോർഡിനേറ്റർക്ക് നിർദേശം നൽകുന്നതിന് ശുപാർശ ചെയ്തു .

- റൂസ രണ്ടാം ഘട്ടത്തിൽ Entrepreneurship, Employability and Career Hub സ്ഥാപിക്കുന്നതിന്റെ ഭാഗമായി അനുവദിച്ച തുകയായ 3.9 കോടി രൂപ എം.ജി ഇന്നവേഷൻ ഫൗണ്ടേഷന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിനും യോഗം ശുപാർശ ചെയ്തു.
- റൂസ രണ്ടാം ഘട്ടത്തിൽ സർവ്വകലാശാല റൂസയ്ക്ക് സമർപ്പിച്ച ഡി.പി.ആർ പ്രകാരമുള്ള പ്രൊജെക്ടുകളിന്മേൽ, അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉടനടി തുടർപ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണെന്നും, ആയതിനാൽ പ്രൊജെക്ടുകൾ സമർപ്പിച്ചിട്ടുള്ള എല്ലാ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റേഴ്സിനെയും(PI) ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കേണ്ടതാണ് എന്നും ശുപാർശ ചെയ്തു.

റൂസാ പദ്ധതികളുടെ അവലോകന സമിതി യോഗ ശുപാർശകൾ വൈസ് ചാൻസലർ അംഗീകരിച്ചു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

പകർപ്പ്

വി സി/ പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
രജിസ്ട്രാർ/സി ഇ / എഫ് ഓ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
ജോയിന്റ് രജിസ്ട്രാർ 1,3 (ഭരണ വിഭാഗം )
റൂസ കോർഡിനേറ്റർ
ഫിനാൻസ് പ്രൈവറ്റ് i,IV/ഓഡിറ്റ് I,V IQAC
എ സി സി / എ ഡി ഡി സെക്ഷൻ
ജോയിന്റ് ഡയറക്ടർ കെ എസ് എ ഡി
അക്കൗണ്ട്സ് V /ജനറൽ ക്യാഷ്
റെക്കോർഡ്സ് സെക്ഷൻ
സി എം എസ്
എസ് എഫ് / എഫ് സി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #15 of File 7803/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 13-Mar-2020 09:56 AM - Page 2